ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ചുബിഷപ്പ് – കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് ബാവാ**യിൽ നിന്നും
നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2013

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

## 60–ാം മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

നമ്മുടെ പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ സ്വർഗ്ഗ പ്രവേശനത്തിന്റെ 60–ാം ഓർമ്മപ്പെരുന്നാൾ 2013 ജൂലൈ 15–ന് സഭയായി നാമാഘോഷിക്കുകയാണ്. മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക ശുശ്രൂഷയിലൂടെ രൂപീകൃതമായ മലങ്കര സഭയ്ക്ക് നഷ്ടപ്പെട്ടുപോയ സാർവ്വത്രിക സഭയുമായുള്ള പൂർണ്ണ ബന്ധം 1930–ൽ വീണ്ടെടുക്കുക വഴി മലങ്കര അപ്പസ്തോലിക സഭയെ കത്തോലിക്കാ തിരുസഭയുടെ പൂർണ്ണ കൂട്ടായ്മയിൽ പുന:പ്രതിഷ്ഠിച്ച നമ്മുടെ പുണ്യപിതാവ് ദൈവം നമുക്ക് നൽകിയ വലിയ വരദാനമാണ്.

മലങ്കര സഭയെ കത്തോലിക്കാസഭയുടെ പൂർണ്ണ കൂട്ടായ്മയിൽ പുന:പ്രവേശിപ്പിക്കുവാൻ ഏറെ കണ്ണീരൊഴുക്കി പ്രാർത്ഥിച്ച, ത്യാഗം ഏറ്റെടുത്ത, സകലത്തെയും ഉപേക്ഷിച്ച, സന്യാസ ജീവിതത്തിന്റെ മാതൃക ജീവിതത്തിൽ യഥാർത്ഥമായി പകർത്തിയ നമ്മുടെ പുണ്യപിതാവിനെ സമുചിതമായി ഓർക്കുന്നതിനും മാദ്ധ്യസ്ഥം തേടുന്നതിനും വിശുദ്ധരുടെ ഗണത്തിൽ വന്ദ്യപിതാവിനെ എത്രയും വേഗത്തിൽ ചേർക്കണമേയെന്ന് പ്രാർത്ഥിക്കുന്നതിനുമുള്ള അനുഗ്രഹീതമായ സന്ദർഭമാണ് ഈ ഓർമ്മപ്പെരുന്നാൾ. വന്ദ്യപിതാവിന്റെ 60–ാമത്തെ ഓർമ്മപ്പെരുന്നാൾ നമ്മുടെ സഭയെ ഒന്നാകെ ആത്മീകമായി ഉണർത്തുന്നതിനുള്ള വലിയ ഒരു സാഹചര്യം ദൈവം

നമുക്ക് നൽകിയിരിക്കുകയാണ്. വന്ദ്യപിതാവിന്റെ വിശുദ്ധപദവിയിലേക്കുള്ള നാമകരണ നടപടികൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ സഭയൊന്നായി കൂടുതൽ വിശുദ്ധീകരിക്കപ്പെടുന്നതിനുള്ള സമയമായി നമുക്കിതിനെ സ്വീകരിക്കാം. ജൂലൈ 1 മുതൽ 15 വരെയുള്ള ദിനങ്ങൾ നോമ്പിന്റെ അരൂപിയിൽ, മത്സ്യ, മാംസാദികൾ വെടിഞ്ഞ്, കൂടുതൽ പ്രാർത്ഥനയിൽ ചെലവഴിച്ച്, ദാനധർമ്മങ്ങൾ ചെയ്ത് വന്ദ്യപിതാവിന്റെ 60-ാം ഓർമ്മപ്പെരുന്നാൾ കൂടുതൽ ആത്മചൈതന്യം പ്രാപിക്കുന്ന സന്ദർഭമായി മാറ്റുവാൻ നിങ്ങളെയേവരെയും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയൊന്നാകെ ഈ ഓർമ്മപ്പെരുന്നാളിൽ സജീവമാകുന്നതിന് താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏവരും പാലിക്കേണ്ടതാണ്.

**സഭയിലെ എല്ലാ ദൈവാലയങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും പരിശീലനഭവനങ്ങളിലും പ്രത്യേക പ്രാർത്ഥന.**

ഓർമ്മപ്പെരുന്നാളിനൊരുക്കമായി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും വൈദിക സന്യസ്ത പരിശീലന ഭവനങ്ങളിലും ജൂലൈ 1 മുതൽ 14 വരെ ഒരു മണിക്കൂർ പ്രത്യേക പ്രാർത്ഥന നടത്തേണ്ടതാണ്. ഇതിന് സഹായമായി പ്രത്യേക പ്രാർത്ഥനാ മഞ്ജരിയുടെ കോപ്പികൾ ഭദ്രാസന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ഭദ്രാസനകേന്ദ്രങ്ങൾ അതാത് ഭദ്രാസനത്തിലെ ഇടവകകളിൽ എത്തിക്കേണ്ടതാണ്. ബഹു. വൈദികരോ സന്യാസിനികളോ ഉപദേശിമാരോ അത്മായ പ്രേഷിതരോ ഈ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകേണ്ടതാണ്. ബഹു. വൈദികർ സന്നിഹിതരാകുന്ന ഇടങ്ങളിൽ ധൂപപ്രാർത്ഥന നടത്തേണ്ടതാണ്.

**പദയാത്ര**

ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് വിവിധ കേന്ദ്രങ്ങളിൽ നിന്നും പദയാത്രകൾ കബറിങ്കൽ എത്തിച്ചേരാറുണ്ടല്ലോ. ഈ വർഷം പിതാവിന്റെ 60-ാം ഓർമ്മപ്പെരുന്നാൾ എന്ന നിലയിൽ റാന്നി-പെരുന്നാട്ടിൽ നിന്ന് ജൂലൈ 10-ന് ആരംഭിച്ച് 14-ന് വൈകുന്നേരം 5 മണിക്ക് പട്ടം കബറിങ്കൽ എത്തിച്ചേരുന്ന പ്രധാന പദയാത്രയിൽ ബഹു. വൈദികരും സന്യസ്തരും വിശ്വാസികളും കൂടുതലായി പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു. മാവേലിക്കരയിൽ നിന്നും തിരുവല്ലായിൽ നിന്നും മാർത്താണ്ഡത്തു നിന്നും മറ്റു ഭദ്രാസനങ്ങളിൽ നിന്നും പദയാത്രകൾ തുടങ്ങുന്നതിനോടൊപ്പം ഡൽഹിയിൽ നിന്നും ഗൾഫിൽ നിന്നും എത്തുന്ന തീർത്ഥാടകർ വിവിധ സ്ഥലങ്ങളിൽ വച്ച് പദയാത്രകളിൽ ചേരുന്നതുമാണ്. പദയാത്രയെ നമ്മുടെ വിശ്വാസജീവിതത്തിന്റെ സജീവ സാക്ഷ്യമായി വേണം ഏവരും കാണേണ്ടത്. ആകയാൽ റാലിയുടെയോ, പ്രദക്ഷിണത്തിന്റെയോ ശൈലിയിലല്ലാ, പ്രാർത്ഥനാനിരതരായ മലങ്കര മക്കളുടെ പദയാത്രയാണ് ദൈവം ആഗ്രഹിക്കുന്നത്, മലങ്കര സുറിയാനി കത്തോലിക്കാസഭ ആഗ്രഹിക്കുന്നത്. ആയതിനാൽ തികഞ്ഞ ആത്മീയ ഒരുക്കത്തോടും ആദ്ധ്യാത്മിക ശിക്ഷണത്തോടും കൂടി ഒരുങ്ങുന്നവർ മാത്രമേ പദയാത്രയിൽ സംബന്ധിക്കാവൂ. പദയാത്രയിൽ സംബന്ധിക്കുന്ന എല്ലാവരും ജൂലൈ 1 മുതൽ 15 വരെ നിർബ്ബന്ധമായും മത്സ്യ, മാംസാദികൾ വെടിഞ്ഞി



രിക്കണം. പദയാത്രയിലെ എല്ലാ ഇടങ്ങളിലെയും പ്രാർഥനകളിൽ പങ്കെടുക്കണം. ദൈവം അനുവദിക്കുന്നതായാൽ ഈ വർഷത്തെ പദയാത്രയ്ക്ക് നേതൃത്വം കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു

**കബറിങ്കൽ പ്രാർത്ഥന**

വന്ദ്യപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ജൂലൈ 1-ാം തീയതി വൈകിട്ട് പ്രത്യേക പ്രാർത്ഥനകൾക്ക് തുടക്കമാകും. എല്ലാ ദിവസവും വൈകിട്ട് 5 മണിക്ക് സന്ധ്യാപ്രാർത്ഥനയും വി.കുർബ്ബാനയും ധൂപപ്രാർത്ഥനയും കബർ ചാപ്പലിൽ നടക്കും. കബറിങ്കൽ എല്ലാ ദിവസവും മുഴുവൻ സമയവും വിവിധ സമൂഹങ്ങൾ ഗ്രൂപ്പുകളായി പ്രാർത്ഥന നടത്തുന്നതാണ്. ഇതിൽ താല്പര്യമുള്ള ഏവർക്കും സംബന്ധിക്കാവുന്നതാണ്. ജൂലൈ 12,13 ദിവസങ്ങളിൽ കത്തീഡ്രൽ ദൈവാലയത്തിൽ വൈകിട്ട് ലത്തീൻ, സീറോമലബാർ ക്രമത്തിലുള്ള വി. കുർബ്ബാന നടക്കും. 14-ാം തീയതി വൈകിട്ട് 5 മണിക്ക് പെരുന്നാട്ടിൽ നിന്നുള്ള തീർത്ഥാടനപദയാത്രാസംഘം എത്തിക്കഴിഞ്ഞാലുടൻ സന്ധ്യാപ്രാർത്ഥനയും തുടർന്ന് ദൈവാലയത്തിൽ നിന്നും ആരംഭിച്ച് ജോൺ പോൾ രണ്ടാമൻ ഗേറ്റുവഴി, കാതോലിക്കേറ്റ് സെന്റർ, സെന്റ് മേരീസ് സ്കൂൾ വഴി ദൈവാലയത്തിന്റെ പ്രധാന ഗേറ്റിലൂടെ കബർ ചാപ്പലിൽ എത്തിച്ചേരുന്ന മെഴുകുതിരി പ്രദക്ഷിണവും നടക്കും. തുടർന്ന് ധൂപപ്രാർത്ഥനയും രാത്രിയിൽ ജാഗരണ പ്രാർത്ഥനയും നടക്കുന്നതാണ്.

ഫിലിപ്പൈൻസിലെ മാനില അതിരൂപതയുടെ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ ഡോ. ലൂയിസ് അന്റോണിയോ ടാഗ്ലേ തിരുമേനി ആയിരിക്കും ജൂലൈ 15-ാം തീയതി നടക്കുന്ന 60-ാം ഓർമ്മപ്പെരുന്നാളിൽ നമ്മുടെ വിശിഷ്ടാതിഥി. അന്നേദിവസം രാവിലെ 8.30-നു കത്തീഡ്രൽ കവാടത്തിൽ അത്യുന്നത കർദ്ദിനാൾ തിരുമേനിയെ നാം സ്വീകരിക്കും. തുടർന്ന് ആഘോഷമായ വിശുദ്ധ സമൂഹബലി നടക്കും. ദിവ്യബലി മദ്ധ്യേയുള്ള വചനസന്ദേശം അത്യുന്നത കർദ്ദിനാൾ ടാഗ്ലേ തിരുമേനി നൽകും. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ചുബിഷപ്പ് അഭിവന്ദ്യ സൂസൈ പാക്യം, നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ, ബഹു. വൈദികർ എന്നിവർ സഹകാർമ്മികരായിരിക്കും. നമ്മുടെ സഭയിലെ എല്ലാ ഭദ്രാസനങ്ങളിലെയും, ആശ്രമങ്ങളിലെയും ബഹു. വൈദികർ സമൂഹബലിയിൽ സഹകാർമ്മികരായി സംബന്ധിക്കണമെന്ന് പ്രത്യേകം താൽപര്യപ്പെടുന്നു. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും നടക്കും. ജൂലൈ 2-ാം തീയതി രാവിലെ 9.30 മുതൽ കബറിങ്കൽ ബഹു. വൈദികർക്കുവേണ്ടിയും ജൂലൈ 6-ാം തീയതി രാവിലെ 9.30 മുതൽ സമർപ്പിതർക്കു വേണ്ടിയുമുള്ള ധ്യാനം നടക്കും. ജൂലൈ 15-ന് നമ്മുടെ സഭയിലെ എല്ലാ സ്ഥാപനങ്ങൾക്കും അവധി ആയിരിക്കും. ആ ദിവസം പ്രസ്തുത സ്ഥാപനങ്ങളിലെ എല്ലാവരും ഈ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതിനുവേണ്ടിയാണ് അവധി നൽകുന്നത്.

നമ്മുടെ പുണ്യപിതാവിന്റെ 60-ാം ഓർമ്മപ്പെരുന്നാളിൽ, പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ചു നടക്കുന്ന എല്ലാ വിശുദ്ധ കർമ്മങ്ങളിലും നമ്മുടെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും ബഹു. വൈദികരും സന്യസ്തരും സഭാമക്കളും ഉത്സാഹത്തോടെ വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകണമെന്നും ദൈവ ദാസനായ നമ്മുടെ പിതാവിന്റെ നാമകരണ നടപടിക്കുവേണ്ടി പ്രാർത്ഥിക്ക ണമെന്നും ഏവരെയും സന്തോഷത്തോടെ ഞാൻ ഓർമ്മിപ്പിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകലവിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

+Baselios Cleemis

✠ **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിപ്പ്-കാതോലിക്കാ ബാവാ.

19.06.2013
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...**

---

ജൂലൈ 14

- 5.00 pm: റാന്നി-പെരുന്നാട്ടിൽ നിന്നുള്ള പ്രധാന പദയാത്ര കബറിങ്കൽ എത്തിച്ചേരുന്നു.
- 5.30 pm: സന്ധ്യാപ്രാർത്ഥന, മെഴുകുതിരി പ്രദക്ഷിണം കബറിങ്കൽ ധൂപ പ്രാർത്ഥന

ജൂലൈ 15

- 8.30 am: വിശിഷ്ടാതിഥി മാനിലാ അതിരൂപതയുടെ ആർച്ചുബിഷപ്പ് അത്യു ന്നത കർദ്ദിനാൾ ഡോ. ലൂയിസ് അന്റോണിയോ ടാഗ്ലേ തിരു മേനിക്ക് സ്വീകരണം
- 8.45 am: അഭിവന്ദ്യ പിതാക്കന്മാരും ബഹു. വൈദികരും വി. കുർബ്ബാന യ്ക്കായി പ്രദക്ഷിണമായി എത്തുന്നു.
- 9.00 am: ആഘോഷമായ വി. പൊന്തിഫിക്കൽ കുർബ്ബാന ധൂപപ്രാർത്ഥന, സ്നേഹവിരുന്ന്.

---

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേ ണ്ടതാണ്.